**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 291** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തെരുവുനായ ശല്യം - പരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** 2016-2025 കാലഘട്ടത്തിൽ തെരുവുനായ ആക്രമണത്തിൽ എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർക്ക് മരണം സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2016-2025 കാലഘട്ടത്തിൽ തെരുവുനായ കടിയേറ്റവരുടേയും മരണപ്പെട്ടവരുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **തെരുവുനായ കടിയേറ്റവരുടെ എണ്ണം** |
|---|---|
| 2016 | 135217 |
| 2017 | 135749 |
| 2018 | 148899 |
| 2019 | 161055 |
| 2020 | 160483 |
| 2021 | 221379 |
| 2022 | 288866 |
| 2023 | 306427 |
| 2024 | 316793 |
| 2025 | 369272 |

| **വർഷം** | **മരണപ്പെട്ടവരുടെ എണ്ണം** |
|---|---|
| 2016 | 5 |
| 2017 | 8 |
| 2018 | 9 |

| | |
|---|---|
| 2019 | 8 |
| 2020 | 5 |
| 2021 | 11 |
| 2022 | 27 |
| 2023 | 25 |
| 2024 | 26 |
| 2025 | 33 |

**(ബി)** തെരുവുനായ ശല്യത്തിന് പരിഹാരമാർഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എബിസി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 20 എ.ബി.സി. സെന്ററുകളും, ഒരു പോർട്ടബിൾ എ.ബി.സി. സെന്ററും |പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒൻപത് പുതിയ എ.ബി.സി. സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, 10 പുതിയ എ.ബി.സി. സെന്ററുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒന്നു വീതം 152 ബ്ലോക്ക് പഞ്ചായത്തുകളിലും എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എ.ബി.സി. സർജറികൾ ചെയ്യുന്നതിനാവശ്യമായ ഭൗതിക സാഹചര്യമുള്ള നിലവിലെ വെറ്ററിനറി ആശുപത്രികളിൽ കൂടി എ.ബി.സി. സർജറികൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.വിവിധ വർഷങ്ങളിലായി എ.ബി.സി സർജറിയും വാക്സിനേഷനും നടത്തിയ തെരുവ്നായക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

2023 -14625

2024 -14923

2025 -13944

2026 - 9225 (ജനുവരി മുതൽ മെയ് വരെ)

**(സി)** എബിസി പദ്ധതിയിലൂടെ തെരുവുനായ ശല്യം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പദ്ധതിക്കായി തുക വകയിരുത്തി ഈ പ്രോജക്ട് നടപ്പാക്കി വരുന്നു. 2026-27 ൽ 18.7 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 20 എ.ബി.സി. സെന്ററുകളിലും, ഒരു പോർട്ടബിൾ എ.ബി.സി. സെന്ററിലും വന്ധ്യംകരണം, വാക്സിനേഷൻ എല്ലാ ദിവസവും നടന്നു വരുന്നു. കൂടാതെ 7 പോർട്ടബിൾ എ.ബി.സി. സെന്റർ സ്ഥാപിക്കുന്നതിന് അനിമൽ ഹസ്ബൻഡറി ഡിപ്പാർട്ട്മെന്റ് മുഖേന നടപടി സ്വീകരിച്ചു വരുന്നു. ടി എ.ബി.സി. സെന്ററുകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് സ്ഥലം ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 30 മുതൽ 45 ദിവസം വരെ ടി പോർട്ടബിൾ യൂണിറ്റുകളുടെ സേവനം നൽകുന്നതിനും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വലിയ തോതിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണം ഊർജ്ജിതപ്പെടുത്താനും,

അപ്രകാരം നായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് കുറയ്ക്കുവാൻ കഴിയുന്നതിലൂടെ തെരുവുനായ്ക്കളുടെ ആക്രമണവും കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**